കിട്ടുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതി അംഗീകരിച്ച് കിട്ടിയ ശേഷം അത് നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

നെടുമ്പാശ്ശേരി എയർപോർട്ട് ഹൈവേയുടെ പണി

38 (1348) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി തുറമുഖം മുതൽ ആരംഭിക്കുന്ന നെടുമ്പാശ്ശേരി എയർപോർട്ട് ഹൈവേ കളമശ്ശേരിയിൽ അവസാനിപ്പിക്കുന്നതിന് പകരം നെടുമ്പാശ്ശേരിയിലേക്ക് എത്തിക്കാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) എയർപോർട്ട് സീപോർട്ട് ഹൈവേയുടെ ഒന്നാം ഘട്ടമാണ് കളമശ്ശേരിയിൽ അവസാനിക്കുന്നത്. നെടുമ്പാശ്ശേരി എയർപോർട്ട് വഴി കരിയാട് എത്തുന്ന രണ്ടാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

എൻ.എച്ച്.17-ൽ പറവൂർ മുതൽ ഇടപ്പള്ളി വരെ റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ

39 (1349) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.17-ൽ പറവൂർ മുതൽ ഇടപ്പള്ളി വരെ റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലായി എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടും പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) എൻ.എച്ച്.17-ലെ വരാപ്പുഴ പാലം വഴിയുള്ള ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ ഓവർബ്രിഡ്ജ് നിർമ്മാണവും റോഡ് വികസനവും അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എച്ച്.17 വികസനത്തിനായി പറവൂർ മുതൽ ചെറിയപ്പള്ളി വരെയുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ചെറിയപ്പള്ളി മുതൽ വരാപ്പുഴ വരെയുള്ള സ്ഥലമെടുപ്പിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം കിട്ടിയിട്ടുണ്ട്. ചേരാനല്ലൂർ മുതൽ ഇടപ്പള്ളി വരെയുള്ള സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly